**കേരള കാർഷിക സർവകലാശാല**
**ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര**
**കെഎയു പി .ഒ, വെള്ളനിക്കര, തൃശ്ശൂർ - 680656, Ph: 0487-2961457, e-mail: ifvka@kau.in**

നം. COAVKA/8346/2024-IF-A2 തീയതി. വെള്ളാനിക്കര, 29-11-2024

## ക്വൊട്ടേഷൻ നോട്ടീസ്

വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ വിവിധ ആവശ്യങ്ങൾക്കായി 2025 വർഷത്തേക്ക് JCB ലഭ്യമാക്കുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച കവറിൽ ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

**<u>നിബന്ധനകൾ</u>**

ക്വട്ടേഷൻ കവറിനു പുറത്ത് എഴുതേണ്ടത് **: 2025 വർഷത്തേക്ക് JCB ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ.**

| | |
|---|---|
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതിയും സമയവും | 12/12/2024, 10.30 AM |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും, സമയവും | 12/12/2024, 11 AM |
| വർക്ക് ഓർഡർ കാലാവധി | 01/01/2025 മുതൽ 31/12/2025 |
| ക്വട്ടേഷൻ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | പ്രൊഫസർ ആന്റ് ഹെഡ് ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര, കെ.എ.യു. P O, 680656 |

1.JCB **ഒരു മണിക്കൂർ ഉപയോഗിക്കുന്നതിന്** ആവശ്യമായ തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത് (JCB യുടെ ഡ്രൈവറുടെ കൂലി, ഇന്ധനം, അറ്റകുറ്റപ്പണി, മറ്റ് ചിലവുകൾ എല്ലാം ഉൾപ്പെടെ).

2.മേൽ തുക വളരെ വ്യക്തമായി അക്ഷരത്തിലും, അക്കത്തിലും എഴുതിയിരിക്കണം. ക്വട്ടേഷൻ മേൽ സൂചിപ്പിച്ച വിലാസത്തിൽ അയക്കേണ്ടതോ, എത്തിക്കേണ്ടതോ ആണ്.

3.വർക്ക് ഓർഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ഈ സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെടുന്ന ദിവസങ്ങളിൽ തന്നെ JCB ലഭ്യമാകേണ്ടതാണ്.

4.വർക്ക് ഓർഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ഫാമിലെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന ജോലികൾ ഫാമിലെ മറ്റ് വസ്തുക്കൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തുതീർക്കേണ്ടതാണ്.

5.വർക്ക് ഓർഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം, ഒരേ സമയം ഒന്നിൽ കൂടുതൽ JCB ആവശ്യമെങ്കിൽ ലഭ്യമാകേണ്ടതാണ്.

6 . ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് സാധുവായ PAN കാർഡ് ഉണ്ടായിരിക്കേണ്ടതാണ്.

7.മേൽ പറഞ്ഞ തിയ്യതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ മേൽ പറഞ്ഞ തിയതിയിൽ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ വാടക

നിരക്ക് രേഖപ്പെടുത്തിയ ആളിന്റെ പേരിൽ യുക്തമെന്ന്തോന്നുന്നപക്ഷം വർക്ക് ഓർഡർ നൽകുന്നതുമാണ്

**8.**ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ കാരണം കൂടാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം സ്ഥാപനമേധാവിയിൽ നിക്ഷിപ്തമായിരിക്കും.

**9.**മേൽ പറഞ്ഞ ദിവസങ്ങൾ ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ ക്വട്ടേഷനുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം **10.30 AM** വരെ സ്വീകരിക്കുന്നതും **11 AM** ന് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്.

**10.**മേൽ ജോലിക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമ പ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മറ്റ് നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം വർക്ക് ഓർഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം മാത്രമാണ്. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.

**11.**സർക്കാർ/സർവകലാശാല ക്വട്ടേഷൻ/ടെൻഡർ നിബന്ധനകൾ എല്ലാം തന്നെ ഈ ക്വട്ടേഷനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ **0487-2961457** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്

Signed by
Anitha S
Date: 29-11-2024 15:29:06

**Anitha S**
**Professor & Head**

പകർപ്പ്

നോട്ടീസ് ബോർഡ്

PPNMU, വെള്ളാനിക്കര

ARS, മണ്ണുത്തി